പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 756

24/01/2018 ൽ മറുപടിക്ക്

## ശ്രീ പരശുരാമ ക്ഷേത്രത്തിൽ ബലിതർപ്പണത്തിന് സ്ഥിരം സംവിധാനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ഒ. രാജഗോപാൽ | | ശ്രീ. കടകംപളളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |
| | | (എ) യും (ബി)യും |
| എ) | എല്ലാ വർഷവും കർക്കടകവാവിന് തിരുവല്ലം ശ്രീ. പരശു രാമക്ഷേത്രത്തിൽ ബലിതർപ്പണത്തിന് താത്ക്കാലിക സംവിധാനം ഒരുക്കാറുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഉണ്ട്. |
| (ബി) | ദിനം പ്രതി ആയിരക്കണക്കിന് ഭക്ത ജനങ്ങളാണ് പിതൃതർപ്പണത്തിന് ക്ഷേത്രത്തിൽ എത്തുന്നതെന്ന് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? | |
| | | (സി) യും (ഡി) യും |
| സി) | മലിനമായ ജലത്തിലാണ് അവർക്ക് ബലി തർപ്പണം നടത്തേണ്ടി വരുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | കരമനയാറിൽ നിന്നും ഒഴുകിയെത്തുന്ന മലിന ജലം ശ്രീ.പരശുരാമ ക്ഷേത്രത്തിലെ ബലിക്കടവിൽ കയറാതിരിക്കുന്നതിനായി ഇരു വശങ്ങളിലും ഷട്ടറുകൾ സ്ഥാപിച്ച് പമ്പ് ചെയ്താണ് ബലി തർപ്പണത്തിന് ആവശ്യമായ ജലം ലഭ്യമാക്കി വന്നിരുന്നത്. പ്രസ്തുത ജലവും മലിനമായത് കാരണം തിരുവിതാംകൂർ ദേവസ്വം ബോർഡ് അവിടെത്തെ മൂന്ന് കടവുകളിലുമായി നൂറോളം ഷവറുകൾ സ്ഥാപിച്ച് ബലി തർപ്പണത്തിന് എത്തുന്ന ഭക്ത ജനങ്ങൾക്ക് സ്നാനത്തിനായി സൗകര്യമൊരുക്കിയിട്ടുണ്ട്. ഈ മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരത്തിനായി വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് കൂടിയാലോചനകൾ നടത്തി മാത്രമെ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളു. |
| (ഡി) | പ്രസ്തുത കടവ് ശുദ്ധിചെയ്ത് മാലിന്യ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം ഒരുക്കുന്നതിന് സർക്കാർ തലത്തിൽ സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ? | |

സെക്ഷൻ ഓഫീസർ